"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — ചാത്തമംഗലം ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (21-23)- ഖണ്ഡിക 3.8 - തടസ്സപ്പെട്ടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

G.O.(Rt) No.2304/2025/LSGD തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 19.09.2022 ലെ പി എ എൻ/12173/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.11.2023 ലെ ഡി.കെ.എസ്.എ 4254/പി.റ്റി2/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി **(2021-23)**യുടെ **5** ാ-മത് റിപ്പോർട്ടിലെ ഖണ്ഡിക 2.7.8 ൽ സർക്കാർ അനുമതിയില്ലാതെ ലേലത്തുകയിൽ കിഴിവനുവദിച്ച നടപടിയിന്മേൽ സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി ( **2021-23** ) ശിപാർശ ചെയ്തിരുന്നു.

**2.** ഇതു സംബന്ധിച്ച് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ ) ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ മണൽ വാരലുമായി ബന്ധപ്പെട്ട് ശ്രീ.ശശിധരൻ എന്നവർക്ക് ചെട്ടിക്കടവിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിന് **31/05/1999** ൽ കുടിശ്ശിക നിലനിൽക്കെ ടിയാന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട് **1999-2000** വർഷത്തെ പരാമർശം നിയമസഭാ സമിതിയുടെ **(2021-23)** അഞ്ചാമത് റിപ്പോർട്ടിൽ ഖണ്ഡിക 2.7.8 ൽ പരാമർശം ഒഴിവാക്കുന്നതിനായി സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ലഭ്യമായ അപേക്ഷ പരിശോധിച്ചതിൽ **1993-94** വർഷം **1,05,100/-** രൂപയ്ക്കായിരുന്നു പഞ്ചായത്ത് മണൽ ലേലം ചെയ്തിരുന്നത്. **29.06.1993** ൽ മണൽ വാരുന്നതിനുള്ള അവകാശം സർക്കാർ ഏറ്റെടുത്തതിന്റെ വെളിച്ചത്തിൽ **29.06.1993** മുതൽ കരാർ റദ്ദാക്കിയതായി കാണിച്ച് **27.03.1993** തീയതിയിൽ കരാറുകാരന് അറിയിപ്പ് നൽകുകയും ചെയ്തത് പ്രകാരം **01/04/1993** മുതൽ **21.07.1993** വരെയുള്ള ലേല സംഖ്യ മാത്രമേ കരാറുകാരൻ

അടയ്ക്കേണ്ടതായിട്ടുള്ളു. എന്നാൽ ലേലം കൊണ്ട കരാറുകാരൻ ഇതിലേക്ക് 59,200/- രൂപ അടവാക്കുകയുണ്ടായി. 52 ശതമാനത്തിലധികം തുക കരാറുകാരൻ അടച്ചതിനാലും ബാക്കി വരുന്ന 45,900/- രൂപ തന്നെ മേൽക്കാണിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ അടയ്ക്കാൻ ബാധ്യതപ്പെട്ട തുകയല്ലെന്നും മനസ്സിലാക്കുന്നതായി 14.12.2013 തീയതിയിലെ സമിതിയുടെ യോഗത്തിൽ സൂചിപ്പിച്ചിരുന്നു. ബാക്കി അടക്കേണ്ടുന്ന തുകയായ 45,900/- രൂപ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് 04.2.2013 തീയതിയിലെ നിയമസഭ സമിതി യോഗനിർദ്ദേശവും , തുടർന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധന കുറിപ്പിന്റെയും നിയമസഭാ സമിതി (2021-23 )യുടെ അഞ്ചാമത് റിപ്പോർട്ടിൽ ഖണ്ഡിക 2.7.8 പ്രകാരം സർക്കാർ സാധുകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിയമസഭാസമിതി തുടർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പരാമർശ വിഷയം വിശദമായി ചർച്ച ചെയ്യുകയും അടയ്ക്കേണ്ട തുകയായ 45,900/- രൂപയ്ക്ക് സർക്കാർ സാധൂകരണത്തിന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ അനുമതിയില്ലാതെ ലേല തുകയിൽ കിഴിവ് അനുവദിച്ച തുകയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി അനുകൂല ശുപാർശയോടെ റൂറൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ലേലത്തുകയിൽ സർക്കാർ അനുമതിയില്ലാതെ കിഴിവനുവദിച്ചതായ പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-2023) യുടെ 5-ാമത് ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഖണ്ഡിക 2.7.8 പ്രകാരം പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനാണ് സമിതി നിർദ്ദേശിച്ചിട്ടുള്ളതെന്നും ഈ സാഹചര്യത്തിൽ, പരാമർശ ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്നതിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ 5 ാം-മത് ആക്ഷൻ ടേക്കൺ റിപ്പോർട്ടിലെ ഖണ്ഡിക 2.7.8 ൽ പരാമർശിച്ചിട്ടുള്ള സർക്കാർ അനുമതിയില്ലാതെ ലേലത്തുകയിൽ കിഴിവനുവദിച്ച **45,900/- രൂപയുടെ ( നാല്പത്തി അയ്യായിരത്തി തൊള്ളായിരം രൂപ മാത്രം )** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചാത്തമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/154/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-09-2025 14:46:54

സെക്ഷൻ ഓഫീസർ